**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3519 | 22.08.2017 ൽ മറുപടിക്ക്

## ക്യാൻസർ രോഗം ബാധിച്ചവർക്ക് ധനസഹായം

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ക്യാൻസർ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; പ്രതിമാസം എത്ര രൂപയാണ് നൽകിവരുന്നത്; | (എ) | ഉണ്ട്. ക്യാൻസർ മുതലായ മാരകരോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക് "സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് ടു ദി പുവർ" പദ്ധതിയിലൂടെ ഡോക്ടറുടെ ചികിത്സാ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുന്ന തുകയുടെ അടിസ്ഥാനത്തിൽ പരമാവധി 50000/- രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കൂടാതെ അർഹരായ ക്യാൻസർ രോഗികൾക്ക് പ്രതിമാസം 1000/- രൂപ വീതം പെൻഷനും നൽകിവരുന്നു. |
| (ബി) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനും രോഗികൾക്ക് മാസംതോറും തന്നെ തുക ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ